**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5530** | **01.07.2014 ൽ മറുപടിയ്ക്ക്** |

## സംരംഭകത്വ പരിശീലന പരിപാടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഹൈബി ഈഡൻ :** | **കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) യുവജനക്ഷേമ ബോർഡ് നിലവിൽ സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നുണ്ടോ ; അത് ആർക്കെല്ലാമാണ് നൽകി വരുന്നത് ; | (എ) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജി.വി. രാജ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് 12,12,782/- രൂപയുടെ കായിക ഉപകരണങ്ങൾ നൽകി. |
| (ബി) നിലവിൽ വിതരണം ഇല്ലായെങ്കിൽ എന്ന് വിതരണം ചെയ്യും ; യുവജനക്ഷേമ ബോർഡിന്റെ സംരംഭകത്വ പരിശീലന പരിപാടി ആരുമായി ചേർന്നാണ് നടത്തുന്നത് ; എത്ര ജില്ലകളിൽ ഈ പരിശീലന പരിപാടി നടത്തിക്കഴിഞ്ഞു ; എത്ര പേർ പുതിയ സംരംഭങ്ങൾ തുടങ്ങി ; ഇത് സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ നൽകുമോ ; | (ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സർക്കാർ /എയ്ഡഡ് സ്കൂളുകൾക്കും കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലേക്കായുള്ള സ്പോർട്സ് കിറ്റ് വിതരണ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് വരികയാണ്.<br>യുവജനക്ഷേമ ബോർഡിന്റെ സംരംഭകത്വ പരിശീലന പദ്ധതി അഹമ്മദാബാദ് ആസ്ഥാനമായുള്ള Entrepreneurship Development Institute of India യുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. സംരംഭകത്വ പരിശീലന പദ്ധതിയുടെ ആദ്യഘട്ടം തിരുവനന്തപുരം, തൃശ്ശൂർ, വയനാട് ജില്ലകളിൽ പൂർത്തീകരിച്ചു. 97 പേർ സംരംഭകത്വ യൂണിറ്റുകൾ രൂപീകരിച്ചു. |

| | | | |
|---|---|---|---|
| (സി) | നിലവിൽ യുവജനക്ഷേമ ബോർഡ് എന്തെങ്കിലും വായ്പ യോ സഹായമോ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ; | (സി) | യുവജനക്ഷേമ ബോർഡ് നിലവിൽ സംരംഭകത്വ പരിശീലനം മാത്രമേ നൽകുന്നുള്ളൂ. വായ്പയോ മറ്റു ധനസഹായമോ നൽകുന്നില്ല. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും വായ്പ നൽകുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. |
| (ഡി) | സംരംഭകത്വ പരിശീലന പരിപാടിയിൽ പങ്കെടുത്തുകഴിഞ്ഞ യുവാക്കൾക്ക് വായ്പ നൽകുന്ന കാര്യം പരിഗണിക്കുമോ ; | (ഡി) | |
| (ഇ) | സർക്കാരിന്റെ സംരംഭകത്വ വികസന മിഷനുമായി ഇതിനെ ബന്ധപ്പെടുത്താൻ കഴിയുമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ